(സി)&(ഡി) ഉണ്ട്.

രണ്ടു ഗ്യാസ് സിലിണ്ടറുകൾ ഉള്ളവർക്കും മണ്ണെണ്ണ നൽകുവാൻ നടപടി

16 (*316)ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണയുടേയും പാചകവാതകത്തിന്റേയും വില വർദ്ധിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രവീതമെന്ന് വ്യക്തമാക്കുമോ;

(ബി) വില വർദ്ധിപ്പിക്കുമ്പോൾ മണ്ണെണ്ണയ്ക്ക് സംസ്ഥാന ഗവൺമെന്റ് വക സബ്സിഡി ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(സി) പാചകവാതകത്തിന് ക്രമാതീതമായ വില വർദ്ധിപ്പിക്കുന്ന പക്ഷം പാചക വാതകത്തിന്റെ രണ്ട് സിലിണ്ടർ ഉള്ളവർക്ക് പെർമിറ്റ് പ്രകാരം മണ്ണെണ്ണ നൽകുവാൻ നടപടിയെടുക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) മണ്ണെണ്ണയുടേയും പാചക വാതകത്തിന്റേയും വില വർദ്ധിപ്പിക്കുവാൻ നീക്കമുള്ളതായി അറിയുന്നു. രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചിട്ടില്ല.

(ബി) വില വർദ്ധിപ്പിക്കുന്ന പക്ഷം ഇക്കാര്യത്തിൽ എന്തു ചെയ്യാനാവുമെന്ന് പരിശോധിക്കുന്നതാണ്.

(സി) കേന്ദ്ര സർക്കാർ സംസ്ഥാനത്തിലുള്ള മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിച്ചു നൽകുകയാണെങ്കിൽ മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഉപദേശക സമിതി

17 (*317)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും യുവ രാഷ്ട്രീയ നേതാക്കൾ ഉൾപ്പെടുന്ന ഉപദേശക സമിതികളുടെ രൂപീകരണം സംബന്ധിച്ച എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ സമിതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെ ആണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ ഘടന എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly